**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1529** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമയുടെ അവകാശങ്ങൾ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമയുടെ ഏഴ് അവകാശങ്ങൾ ഉറപ്പാക്കണം എന്ന സുപ്രീംകോടതി നിർദേശം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നത് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR ACT 2013) അനുസരിച്ചാണ്. പ്രസ്തുത നിയമം പൊതുവിൽ ബഹു. സുപ്രീം കോടതി ഈയിടെ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമാണ്. സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായുള്ള സാമൂഹിക ആഘാത പഠനം മാത്രമാണ് നടത്തിയിട്ടുള്ളത്. |
| (ബി) | കെ-റെയിൽ ഭൂമി ഏറ്റെടുപ്പ് സംബന്ധിച്ച് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂവുടമകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന രീതിയിൽ തുടർനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ബി) | പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നത് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR ACT 2013) അനുസരിച്ചാണ്. പ്രസ്തുത നിയമം പൊതുവിൽ ബഹു. സുപ്രീം കോടതി ഈയിടെ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമാണ്. സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായുള്ള സാമൂഹിക ആഘാത പഠനം മാത്രമാണ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ